# Arbitral Tribunal award on the request of Italy in respect of a dispute concerning the incident of 15 February 2012 involving Italian tanker "EnricaLexie" and Indian fishing vessel "St. Antony"

July 02, 2020

## ഇറ്റലിയുടെ അഭ്യർത്ഥന പ്രകാരം 15 ഫെബ്രുവരി 2020 ൽ ഇറ്റാലിയൻ ടാങ്കറായ "എൻട്രിക്ക ലെക്സിയും" ഇന്ത്യയുടെ മത്സ്യ ബന്ധന ബോട്ടായ 'സെന്റ്. ആന്റണിയും' ഉൾപ്പെട്ട തർക്കത്തിൽ ആർബിട്രൽ ട്രിബ്യൂണൽ വിധി പ്രസ്താവിച്ചു.

02 ജൂലൈ 2020

ഇറ്റലിയുടെ അഭ്യർത്ഥന പ്രകാരം, 15 ഫെബ്രുവരി 2020 ൽ ഇറ്റാലിയൻ ടാങ്കറായ "എൻട്രിക്ക ലെക്സിയും" ഇന്ത്യയുടെ മത്സ്യ ബന്ധന ബോട്ടായ 'സെന്റ്. ആന്റണിയും' ഉൾപ്പെട്ട തർക്കത്തിൽ ഐക്യരാഷ്ട്ര കൺവെഷന്റെ സമുദ്ര നിയമങ്ങളിലെ(UNCLOS) അനുബന്ധം VII ന് കീഴിലുള്ള ആർബിട്രൽ ട്രിബ്യൂണൽ വിധി പ്രസ്താവിച്ചു: വിധിയുടെ പ്രസക്തഭാഗങ്ങൾ ഇപ്രകാരമാണ്

:

• രണ്ടു നാവികരും UNCLOS ലെ നിബന്ധനകൾ ലംഘിച്ചുവെന്നും, ഇറ്റാലിയൻ സൈനികാരുടെ പ്രവർത്തനങ്ങളിലൂടെ UNCLOS ആർട്ടിക്കിൾ 87(1)(a),90 എന്നിവ അനുസരിച്ച് ഇറ്റലി ഇന്ത്യയുടെ നാവിക സ്വാതന്ത്ര്യം ലംഘിച്ചുവെന്നും ട്രിബ്യൂണൽ അഭിപ്രായപ്പെട്ടു.

• സംഭവത്തിൽ ഇന്ത്യയ്ക്കും ഇറ്റലിയ്ക്കും സമാനമായ അധികാര പരിധിയാണുള്ളതെന്നും നാവികർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് സാധുവായ നിയമാടിസ്ഥാനം ഉണ്ട് എന്ന് ട്രിബ്യൂണൽ നിരീക്ഷിക്കുന്നു. നാവികരെ തടഞ്ഞു വെച്ചതിൽ നഷ്ട പരിഹാരം ആവശ്യപ്പെട്ടുള്ള ഇറ്റലിയുടെ വാദം ട്രിബ്യൂണൽ തള്ളി. എന്നിരുന്നാലും കേന്ദ്ര ഉദ്യോസ്ഥർ എന്ന നിലയിൽ നാവികർക്ക് നൽകി വരുന്ന അധികാരം ഇന്ത്യൻ നിയമത്തിനു അപവാദമാണെന്നും ഇത് നാവികർക്കെതിരെ നടപടിയെടുക്കാൻ അവരെ തടയിടുന്നുവെന്നും കണ്ടെത്തി.

• 15 ഫെബ്രുവരിയിൽ 2012 നടന്ന സംഭവങ്ങളെക്കുറിച്ച് ക്രിമിനൽ അന്വേഷണം തുടർന്ന് വരുന്ന ഇറ്റലിയുടെ പ്രതിബദ്ധതയെ ട്രിബ്യൂണൽ പ്രതേകം കണക്കിലെടുത്തു.

•ഇന്ത്യയുടെ 'സെന്റ് ആന്റണിയുടെ' കപ്പിത്താനും  മറ്റു നാവികാംഗങ്ങൾക്കും നേരിട്ട ജീവഹാനി. ഭൗതിക നഷ്ടവും, വസ്തുക്കൾക്കും ആസ്തികൾക്കുമായ കേടുപാടുകൾ, മാനഹാനി എന്നിവയ്ക്ക് നഷ്ട പരിഹാരം ലഭിക്കാനുള്ള അർഹതയുണ്ടെന്ന് ട്രിബ്യുണൽ തീരുമാനിക്കുകയുണ്ടായി.കൂടാതെ ഇന്ത്യയ്ക് നൽകേണ്ട നഷ്ടപരിഹാര തുകയെ സംബന്ധിച്ച് ഇരു കക്ഷികളും ചേർന്ന് ധാരണയിലെത്താൻ ക്ഷണിക്കുകയും ചെയ്തു. നഷ്ടപരിഹാര തുകയെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുന്നതിനു ഏതെങ്കിലും ഒരു പാർട്ടിയോ അല്ലെങ്കിൽ ഇരു പാർട്ടികളോ ട്രിബ്യൂണലിന്റെ മാധ്യസ്ഥം ആഗ്രഹിക്കുന്നുവെങ്കിൽ അത് അധികാര പരിധിയിൽ നിലനിർത്തുന്നതാണെന്നും ട്രിബ്യുണൽ തീരുമാനിച്ചു.

ഇന്ത്യ വിധിന്യായത്തെ കണക്കിലെടുക്കുന്നുവെന്നും കൂടാതെ വസ്തുതകളെക്കുറിച്ച് ഉചിതമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതാണ് എന്നും അറിയിച്ചു.

**ന്യൂ ഡൽഹി**
**02 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.